റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോന്റെപേരിൽ റിപ്പോർട്ട്ചെയ്ത അയോഗ്യതയെ നീക്കംചെയ്തിട്ടുണ്ട്.

(ബി) ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനും, വി. ആർ. കൃഷ്ണനെഴുത്തശ്ശനും.

(സി) ശ്രീമാൻ കൃഷ്ണനെഴുത്തശ്ശന്റെ വക്കീൽ ഹാജരാവുകയും വാദം നീട്ടിവെക്കുവാൻ അപേക്ഷിക്കുകയും ചെയ്തു.

(ഡി) അതെ.

(ഇ) ഗവൺമെണ്ടു് നടത്തിയതു ഒരു റവ്യൂ അല്ല. ഇലക്ഷൻ കോടതി റിപ്പോർട്ട് ചെയ്ത അയോഗ്യത നീക്കം ചെയ്യുവാനുള്ള പൂർണ്ണ അധികാരം ഗവൺമെണ്ടിൽ ലയിച്ചിരിക്കുന്നതും ഗവൺമെണ്ടു പ്രവൃത്തിച്ചിട്ടുള്ളതു് നിയമാനുസരണവുമാകുന്നു.

(എഫ്), (ജി), (എച്ച്) ശ്രീമാൻ കൃഷ്ണനെഴുത്തശ്ശനേറയും ആയ്മൻ നമ്പൂതിരിയുടേയും അയോഗ്യത നീക്കീട്ടില്ല. കൃഷ്ണനെഴുത്തശ്ശന്റെ അയോഗ്യത നീക്കുവാനുള്ള അപേക്ഷ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. ആയ്മൻ നമ്പൂതിരി അയോഗ്യത നീക്കുവാൻ അപേക്ഷിച്ചിട്ടില്ല.

(ഐ) കൃഷ്ണനെഴുത്തശ്ശൻ തന്റെ വാദം വക്കീൽ മുഖാന്തിരം കേൾക്കണമെന്ന അപേക്ഷിക്കുകയും അതു അനുവദിക്കുകയും ചെയ്തു. വക്കീലിന്റെ വാദം കേട്ടുകഴിഞ്ഞിട്ടില്ല.

ACCOMMODATION IN SCHOOLS

449. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സ്റ്റേറിലെ ഗവൺമെണ്ടു വിദ്യാലയങ്ങളിൽ പ്രതിവർഷം വർദ്ധിച്ചുവരുന്ന സ്ഥലസാമഗ്രികളുടെ ദൌർല്ലഭ്യത്തെ പരിഹരിക്കുന്നതിനു ഗവൺമെണ്ടു പ്രായോഗികമായ വല്ല പദ്ധതികളും അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു് ; എന്തെല്ലാം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) സ്ഥലസാമഗ്രികളുടെ ദൌർല്ലഭ്യത്തെ പരിഹരിക്കുന്നതിനു കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു കൂടുതൽ തുക ബഡ്ജറ്റിൽ കൊള്ളിക്കുന്നുണ്ടു്.

TEXT BOOKS—SALE OF

450. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിൽ പുസ്തകവില്പന നടത്തുന്ന കച്ചവടക്കാർ അമിതാദായം എടുക്കുന്നുവെന്ന വസ്തുത ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വല്ല നടപടിയും ഗവൺമെണ്ടു അവരുടെമേൽ എടുക്കുകയുണ്ടായോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) മേൽ ഉത്തരം അനുസരിച്ചു ഇതിനു ഉത്തരം ആവശ്യമില്ല.

TIFFIN SHED IN THE GIRLS' HIGH SCHOOL AT KUNNAMKULAM

451. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) how many students of the Sirkar Girls' High School, Kunnamkulam are taking their tiffin at the School this year;

(*b*) what is the inside measurement of the tiffin shed of the above school;

(*c*) how many students at a time can sit and take tiffin in that shed;

(*d*) how many doors and windows are there for that tiffin shed?

Mr. P. Govinda Menon *(Minister Food and Education)*:

(*a*) 564.

(*a*) 1st room—40 ft. x 16 ft.
2nd room—16 ft. x 9 ft.

(*c*) 80+16=96.

LIBRARY ARCHIVES Kerala Legislative Assembly